

# തൂലിക

Newsletter of
Jesus Youth
Dubai

Issue 501
28 July 2017
www.thoolikaa.net

## സുവിശേഷമാകുവാനും
## സുവിശേഷമേകുവാനും
## ക്രിസ്തു നിന്നെ വിളിക്കുന്നു

ദീപപ്രഭ

“നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്..”

മത്തായി. 5:14

ലക്കം 501
2017 ജൂലായ് 28

# തൂലിക

ജീസസ് യൂത്ത് ദുബായിയുടെ വാരാന്ത്യ പതിപ്പ്

http://thoolikaa.net



**ഉള്ളടക്കം**


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| ലേഖനം | 04 |
| അനുഭവ കുറിപ്പ് | 05 |
| വിശുദ്ധരുടെ ജീവിതങ്ങൾ | 06 |
| യൂകാറ്റ് കോർണർ | 08 |
| വാർത്തകൾ | 09 |
| അറിയിപ്പുകൾ | 10 |


## സോണൽ കൂട്ടായ്മകൾ

| | |
|---|---|
| കരാമ | ബിബൽ 055 1426271<br>ശനി 8:30 pm 9:30 pm |
| ബർദുബായ് | ഗ്രിജിൻ 052 4104408<br>ശനി 8:30 pm 9:45 pm |
| ലുലുവില്ലേജ് | സന്തോഷ് 055 6969885<br>ഞായർ 8:30 pm 10:00 pm |
| അൽനാഹ്ദ | ജോസഫ് ജോൺ 050 5642090<br>ബുധൻ 8:15 pm 10:00 pm |
| അൽഖിസൈസ് | തോമസ് ജോസ് 055 9171438<br>ശനി 8:30 pm 10:00 pm |
| സോനാപൂർ | ജോസ്മോൻ 055 3620434<br>ബുധൻ 8:30 pm 10:00 pm |
| അൽഖൂസ് | ഷിബു 0559169623, 0544406002<br>ബുധൻ 8:15 pm 9:30 pm |

| | |
|---|---|
| മുത്തീന | ഷാഫി 055 2857170<br>ബുധൻ 8:00 pm 9:30 pm |
| അൽബറാഹ | ക്രിസ്റ്റി 055 4741102<br>ഞായർ 8:30 pm 9:45 pm |
| സത്‌വ | തോമസ് 050 8761385<br>ഞായർ 8:15 pm 9:30 pm |
| ഹോർ അൽ ആൻസ് | ബിനീഷ് 055 7484850<br>ശനി 8:15 pm 9:45 pm |
| ഇന്റർനാഷ്ണൽ സിറ്റി | ഷോൺ 055 7135314<br>ചൊവ്വ 8:30 pm 10:00 pm |
| സിലികോൺ ഒയാസിസ് | ജോർമ്മി 052 9783044<br>വ്യാഴം 10:00 pm 11:00 pm |

### മൊഴിമുത്തുകൾ

"സജീവനായ ദൈവത്തെ ക്രിസ്തുവിൽ കണ്ടുമുട്ടുമ്പോൾ മാത്രമേ ജീവിതം എന്താണെന്ന് നാം അറിയുകയുള്ളൂ. സുവിശേഷത്താൽ ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിനാൽ വിസ്മയിക്കുകയെന്നതിലേറെ സുന്ദരമായ ഒന്നുമില്ല."

ബെനഡിക്റ്റ് 16-ാമൻ മാർപാപ്പ

# സ്നേഹമോടേകീടാം ജീവജലം.

തന്റെ ചായക്കടയിലെ തിരക്കുകൾക്കിടയിലും കവലയിൽ നടക്കുന്ന പ്രസംഗം ശ്രീധരേട്ടൻ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. സമയം ഉച്ചയോടടുത്തിരിക്കുന്നു. സുവിശേഷ പ്രസംഗമോ മറ്റോ ആണ്. അക്രൈസ്തവനാണെങ്കിലും ബൈബിളും അതുവഴി ഈശോയും ശ്രീധരേട്ടനു പരിചിതമാണ്. ചില ബൈബിൾ വാക്യങ്ങൾ ഒക്കെ എടുത്ത് പ്രയോഗിച്ച് പ്രാസംഗികൻ കത്തിക്കയറുകയാണ്. കേൾവിക്കാരായി അയാളുടെ കൂടെ തന്നെ വന്നവരെന്നു തോന്നുന്ന ചെറിയൊരു സംഘം ആളുകൾ - സ്ത്രീകളും കുട്ടികളും പ്രായമായവരും ഒക്കെയുണ്ട്. ഈ വെയിലത്ത് നിന്ന് പ്രസംഗിക്കുന്ന ഇവനെയൊക്കെ സമ്മതിക്കണം; കടയിൽ നിന്നൊരാൾ കമന്റും പാസ്സാക്കി. ശ്രീധരേട്ടൻ പുറത്തിറങ്ങി രംഗം ഒന്നു വീക്ഷിച്ചു. പ്രാസംഗികൻ കുടയുടെ തണലിലാണ്. കേൾവിക്കാർ പൊരിവെയിലിൽ ഉരുകിയൊലിച്ച് നിൽക്കുകയാണ്. ശ്രീധരേട്ടൻ കടക്കുള്ളിലലേയ്ക്ക് കയറി ഫ്രിഡ്ജിൽ വച്ചിരുന്ന മിനറൽ വാട്ടർ കുപ്പികൾ രണ്ട് വലിയ കൂടുകളിൽ നിറച്ച് അവർക്കരികിലേയ്ക്ക് ചെന്നു. ദാഹിച്ചു പൊരിഞ്ഞു നിന്നിരുന്ന അവർ ആ മനുഷ്യന്റെ ചുറ്റും ഓടിക്കൂടി. തന്റെ കേൾവിക്കാർ ചിതറി മാറുന്നതു കണ്ട പ്രാസംഗികൻ മൈക്കിലൂടെ പറഞ്ഞു, “പ്രശ്നം ഉണ്ടാക്കാതെ പോണം മിസ്റ്റർ” ശ്രീധരേട്ടൻ അയാളുടെ അടുത്തേക്ക് ചെന്ന് അയാളുടെ കയ്യിൽ പിടിച്ചിരിക്കുന്ന ബൈബിളിൽ തൊട്ട് പറഞ്ഞു, ഈ വിശുദ്ധഗ്രന്ഥത്തിൽ മുഴുവൻ പറഞ്ഞിരിക്കുന്നത് നിന്റെ സഹോദരനെ സ്നേഹിക്കാനാണ്. ഞാനും അതേ ചെയ്യുന്നുള്ളൂ.... അയാൾ തിരിച്ച് കടയിലേയ്ക്ക് നടന്നു.

പ്രിയപ്പെട്ടവരേ, സുവിശേഷപ്രഘോഷണം ജീവിതലക്ഷ്യമാക്കി ഇറങ്ങിത്തിരിച്ചിരിക്കുന്ന ജീസസ് യൂത്തായ നാമെല്ലാവരും എങ്ങനെയാണ് സുവിശേഷം പ്രഘോഷിക്കുന്നത്? നമ്മുടെയെല്ലാം വാക്കുകളും പ്രവൃത്തികളും തമ്മിൽ എന്തെങ്കിലും പൊരുത്തമുണ്ടോ?. വാക്കുകളിൽ വിശുദ്ധരും പ്രവൃത്തിയിൽ ദുഷ്ടരുമായി നമ്മൾ മാറുന്നുണ്ടോ?. “പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിനാൽ തന്നെ നിർജ്ജീവമാണ്.” (യാക്കോ.2-17) എന്ന തിരുവചനം മനസ്സിൽ കുറിച്ചിടാം. ജീവിതം തന്നെ മറ്റുള്ളവർക്കു വേണ്ടി ബലിയായ് നൽകി സ്നേഹം കൊണ്ട് സുവിശേഷമായ് മാറിയ നാഥനെ നമുക്ക് മാതൃകയാക്കാം. ഓരോ ജീസസ് യൂത്തും ജീവിക്കുന്ന സുവിശേഷമായ് മാറട്ടെ...



സ്നേഹപൂർവ്വം
ജോബിൻ അഗസ്റ്റിൻ
എഡിറ്റർ

ജെറിൻ രാജ്

ലേഖനം

# ദീപപ്രഭ

"ഭൂമിയുടെ അതിർത്തികൾ വരെ രക്ഷ വ്യാപിപ്പിക്കുന്നതിന്, വിജാതീയർക്ക് ഒരു ദീപമായി ഞാൻ നിന്നെ സ്ഥാപിച്ചിരിക്കുന്നു." (അപ്പ: 13:47) ഇരുളിന്റെ പാതയിൽ തപ്പിത്തടയുന്ന അനേകായിരങ്ങൾക്ക് വെളിച്ചമേകാൻ, അവർക്ക് രക്ഷയുടെ മാർഗ്ഗം തെളിക്കുവാൻ നമ്മെ ഓരോരുത്തരേയും നിയോഗിച്ചു കൊണ്ട് നമ്മുടെ രക്ഷകനും നാഥനുമായ യഹോവ പറഞ്ഞ വാക്കുകളാണിവ. കാതങ്ങൾ താണ്ടി രക്ഷാപ്രഭ തൂകുന്ന ദീപമായിട്ടാണ് അവിടുന്ന് നമ്മെ ഉപമിച്ചിരിക്കുന്നത്.

ക്രൈസ്തവ സഭയുടെ പരമപ്രധാന ലക്ഷ്യമായ "ദൈവരാജ്യ പ്രഘോഷണ ദൗത്യ"വുമായി ഈ ദീപപ്രഭ എപ്രകാരം താതാത്മ്യപ്പെട്ടിരിക്കുന്നു എന്ന് നമുക്ക് നോക്കാം... "വെളിച്ചം ദുഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം" എന്ന കവി വാക്യങ്ങളോടനുരൂപത്തിൽ ജീവിക്കുന്ന മാനവരാശിക്കു മുന്നിൽ നിർബന്ധിത വെളിച്ചം പകരുക എന്ന മഹനീയ ദൗത്യവും പേറി തെളിയേണ്ടവരാണ് ഓരോഅിൽമായരും. ലോകം ഇരുട്ടിന്റെ അടിമത്വത്തി ലാണ്. ഇവിടെ ഇരുട്ട്, വെളിച്ചം നഷ്ടപ്പെടുത്തി സ്വർഗ്ഗ രാജ്യത്തു നിന്നും പുറന്തള്ള പ്പെട്ട ആ പുരാതന സർപ്പത്തിന്റെ പ്രതീകമാണ്. ഇരുട്ടിന്റെ സന്തതികളോ, വിലക്കപ്പെട്ട കനി ഭക്ഷിച്ച് പറുദീസ നഷ്ടപ്പെടുത്തിയ ആ പുരാതന സ്ത്രീയുടെ സന്തതികളും! ഒരു മനുഷ്യന്റെ അനുസരണക്കേടാൽ അണഞ്ഞ നിത്യജീവൻ മറ്റൊരു മനുഷ്യന്റെ അനുസരണത്താൽ തെളിഞ്ഞപ്പോൾ, അതേ അനുസരണം അനുകരണമാക്കി അന്നു അവൻ തെളിച്ച ആ നിത്യജീവന്റെ ദീപപ്രഭ- രക്ഷയുടെ വെളിച്ചം ഇന്നും ഇരുട്ടിനെ അനുഗമിക്കുന്നവർക്ക് ഒരു മാർഗ്ഗ ദർശനമായി തെളിക്കാൻ തിരുസഭയോടൊത്ത്, പരിശുദ്ധ ദൈവമാതാവോടൊത്ത്, ക്രിസ്തുശിഷ്യരായ- സഭാമക്കളായ നമ്മെ ക്ഷണിക്കുന്നു.

എന്റെ ജീവിതമാണ് ഞാൻ പരത്തുന്ന ദീപപ്രഭ! മറ്റൊരു ക്രിസ്തുവിനെ നമ്മിൽ കണ്ടെത്തുമ്പോഴാണ് നാം യഥാർത്ഥത്തിൽ ക്രിസ്ത്യാനികളായി മാറുന്നത്. അത്തരത്തിൽ നമ്മുടെ പ്രവർത്തികൾ മൂലം ക്രിസ്തു തന്നെയാണ് മഹത്വപ്പെടുന്നതും. വചനം ഇപ്രകാരം പറയുന്നു; "വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കില്ല, പീഠത്തിൻമേലാണു വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു. അപ്രകാരം, മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."(മത്താ 5:15-16) അനുദിന ജീവിതത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിൽ, പ്രത്യേകിച്ച് എന്റെ പ്രവൃത്തിയിലൂടെ, സംസാരത്തിലൂടെ, ക്ഷമയിലൂടെ, ഔദാര്യത്തിലൂടെ, ദയയിലൂടെ, ക്രിസ്തു കാണിച്ചു തന്ന മറ്റെല്ലാ മാർഗ്ഗങ്ങളിലൂടെ, നാം അതീവ തത്പരരായിരിക്കണം- പ്രത്യേകിച്ച് ഓരോ ജീസസ്സ് യൂത്തും! കാരണം, നമ്മെ താങ്ങി നിർത്തുന്ന അടിസ്ഥാന ഘടകങ്ങളിലൊന്ന് സുവിശേഷ വത്ക്കരണമാണ്. "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്" (മത്താ 5:14)- ഈ പ്രകാശം പരത്തുന്ന ദീപപ്രഭ മങ്ങാതെ കൂടുതൽ പ്രകാശമാനമാക്കി കർത്താവിനായ് അനേകം ആത്മാക്കളെ നമുക്ക് നേടാം...

# മനുഷ്യനെ മനുഷ്യനായി കണ്ടപ്പോൾ

"ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ, നിങ്ങൾക്ക് പരസ്പരം സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിക്ഷ്യൻമാരാണെന്ന് അതുമൂലം എല്ലാവരും അറിയും"(യോഹ 13:35). അതിനാൽ മറ്റുള്ളവരെ സ്നേഹിക്കുകയും അവരോട് കരുണ കാണിക്കുകയും ചെയ്യുക എന്നുള്ളത് ഒരു ക്രിസ്തു ശിഷ്യന്റെ പ്രധാന ലക്ഷണങ്ങളിൽ ഒന്നാണ്. പാവപ്പെട്ടവരുടേയും, അവഗണിക്കപ്പെടുന്നവരുടേയും, തകർന്നവരുടേയും ജീവിതത്തിലേക്ക് ക്രിസ്തുവിന്റെ സ്നേഹവും ആശ്വാസവുമായി ഇറങ്ങിചെല്ലുവാൻ കുറച്ചു കാലങ്ങളായി, ദൈവകൃപയാൽ എനിക്ക് സാധിക്കുന്നുണ്ട്.

ജീവിതത്തിലെ ചില പ്രതിസന്ധികളാണ് എന്നെ യേശുവിലേക്ക് കൂടുതൽ അടുപ്പിക്കുന്നതും പൂർണ്ണമായും അവനിൽ ആശ്രയിക്കാൻ ഇടയാക്കുന്നതും. അക്കാലത്ത് പങ്കെടുത്ത ഒരു ധ്യാനത്തിലെ ദിവ്യകാരുണ്യ ആരാധനയിലൂടെ ലഭിച്ച പ്രത്യേക അനുഭവത്തിൽനിന്നുമാണ് യേശു ഇന്നും ജീവിക്കുന്ന ദൈവമാണെന്ന ബോധ്യം എനിക്ക് ലഭിക്കുന്നത്. അവിടുന്ന് എന്നെ പൂർണമായും മനസ്സിലാക്കുന്നവനാണെന്നും, അളവുകളില്ലാതെ സ്നേഹിക്കുന്നവനാണെന്നും, എന്റെ എല്ലാ പ്രശ്നങ്ങൾക്കും ഉത്തരം നൽകാൻ മതിയായവനാണെന്നും ഉറച്ചുവിശ്വസിക്കുവാൻ എനിക്ക് കൃപ ലഭിച്ചു. അതിലൂടെ എനിക്കുണ്ടായിരുന്ന ദുഖങ്ങളും അരക്ഷിതാവസ്ഥയും വലിയ ഒരളവുവരെ മാറ്റപ്പെട്ട്, വളരെ പ്രത്യാശയോടും ആത്മവിശ്വാസത്തോടും കൂടി ജീവിതത്തെ നേരിടുവാൻ എനിക്ക് ശക്തി ലഭിച്ചു.

അങ്ങനെയിരിക്കെ യേശുവിലൂടെ എനിക്ക് ലഭിച്ച സ്നേഹവും കരുതലും മറ്റുള്ളവരുടെ ജീവിതത്തിലേക്കും പകർന്നുകൊടുക്കേണ്ടത് എന്റെ ഉത്തരവാദിത്വമാണെന്ന ബോധ്യം എന്നിൽ നിറഞ്ഞുവരാൻ തുടങ്ങി. അതാണ് പാവപ്പെട്ടവരിലേക്കും അവഗണിക്കപ്പെട്ടവരിലേക്കും തകർന്നവരിലേക്കും ഇറങ്ങിച്ചെന്ന് അവരുടെ ആവശ്യങ്ങളിൽ സഹായവുമായി കൂടെ നിൽക്കാൻ എന്നെ പ്രേരിപ്പിച്ച ഒന്നാമത്തെ ഘടകം. നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ എന്ന യേശുവിന്റെ കൽപ്പന പാലിക്കുന്നതിനായി, സാധിക്കുന്ന വ്യക്തികളോടെല്ലാം അവന്റെ സ്നേഹത്തിന്റെ സുവിശേഷത്തെ പറ്റി എന്റെ വാക്കിലൂടെയും പ്രവർത്തികളിലൂടെയും പ്രഘോഷിക്കേണ്ടത് എന്റെ ദൗത്യമാണെന്ന തിരിച്ചറിവായിരുന്നു ഈ പ്രവർത്തനങ്ങളിലേക്ക് എന്നെ ആകർഷിച്ച മറ്റൊരു ഘടകം.

കൂടാതെ ഫ്രാൻസീസ് അസ്സീസ്സിയെപറ്റി വായിച്ചപ്പോൾ, അദ്ദേഹം പാവങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് യേശുവിന്റെ സ്നേഹം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കിയ വിധം എന്നെ വളരെയധികം സ്വാധീനിച്ചു. ജീവിതാന്തസിനോട് നീതി പുലർത്തിക്കൊണ്ട് എനിക്കും കഴിയുംവിധത്തിൽ അദ്ദേഹത്തെപ്പോലെ പ്രവർത്തിക്കണമെന്ന ആഗ്രഹമാണ് എന്നും ഈ വഴിയിൽ എന്റെ പ്രചോദനം.

ഈ ചെറിയ പ്രവർത്തനമേഖലയിലൂടെ കടന്നുപോകുവാൻ ജീസസ് യൂത്ത് പ്രോലൈഫ്, ഔട്ട്റീച്ച് മിനിസ്ട്രികളാണ് എനിക്കെന്നും സഹായവും പ്രചോദന

തുടരും പേജ് 7...

# വി.ജോവാക്വീനാ (1783-1854)

സ്പെയിനിലെ ബർസലോണയിൽ 1783 ലാണ് ജോവാക്വീനാ ജനിച്ചത്. 12 വയസ്സായ പ്പോൾ ഒരു ആവ്യതി മഠത്തിൽ പ്രവേശനം തേടി. പക്ഷേ, മാതാപിതാക്കൾ സമ്പന്ന കുടുംബത്തിലെ ഒരു വക്കീലിനെ അവളുടെ ഭർത്താവായി കണ്ടെത്തി. മാതാപിതാക്കളുടെ ഇംഗിതപ്രകാരം അവൾ വിവാഹിത യായി. വിവാഹാന ന്തരം ദു:ഖിതയായി കാണപ്പെട്ട ജോവാ ക്വീനായോട് ഭർത്താവായ ഡോൺ തെയ ദോർഡിമാസ് കാര ണമാരാഞ്ഞു. മിണ്ടാമഠത്തിൽ ചേരാനായിരുന്നു താൻ ആഗ്രഹിച്ചിരു ന്നതെന്നു അവൾ പ റഞ്ഞപ്പോൾ, സന്ന്യാസത്തിൽ പ്രവേശിക്കാനാഗ്ര ഹിച്ചിരുന്ന താൻ മാതാപിതാക്കളുടെ ഹിതത്തിനു കീഴ്പ്പെട്ടുമാത്ര മാണ് വിവാഹത്തിന് സമ്മതിച്ചതെന്ന് ഭർത്താവ് പ്രസ്താവിച്ചു. ഭർത്തൃഭവന നിവാ സികൾക്ക് ജോവാക്വീനായെ ഇഷ്ടമായില്ലെ ന്നതൊഴികെ അവളുടെ ജീവിതത്തിൽ ബുദ്ധിമുട്ടൊന്നും ഉണ്ടായിരുന്നില്ല. കാരണം, ഭർത്താവ് അവളെ നന്നായി മനസ്സിലാക്കിയി രുന്നു. ഓരോ പ്രഭാതത്തിലും ജോവാക്വീ നായും തെയദോറും ഒന്നിച്ചു ദിവ്യബലി യിൽ സംബന്ധിക്കുകയും ജപമാല ചൊല്ലി ദിവസം പര്യവസാനിപ്പിക്കുകയും ചെയ്തി രുന്നു. അവരുടെ ദാമ്പത്യവല്ലരിയിൽ ഒൻപതു പൂക്കൾ വിരിഞ്ഞു.



സൈനിക സേവനത്തിൽ നിന്നു വിരമിച്ച തെയദോർ കഠിനരോഗബാധിതനായി. 33-മത്തെ വയസ്സിൽ ജോവാക്വീനാ വിധവ യായിത്തീർന്നു. 9 മക്കളിൽ മൂന്നു പേർ ഇതിനകം പര ലോകപ്രാപ്തരാ യി. കുട്ടികളെ ഉത്തമകത്തോലിക്ക രായി വളർത്താനും ധാരാളം പ്രായശ്ചി ത്തകൃത്യങ്ങളനു ഷ്ഠിക്കാനും ജോവാക്വീനാ ശ്രദ്ധിച്ചു. ഭർത്താ വിന്റെ മരണശേഷം രണ്ടുകൊല്ലം കഴി ഞ്ഞപ്പോൾ അവൾ ഫ്രാൻസിസ്ക്കൻ മൂന്നാം സഭയിൽ ചേർന്നു. തുടർന്ന് പ്രത്യേക വസ്ത്രം ധരിച്ച് ആസ്പത്രി കളിൽ പോയി രോഗികളെ ശുശ്രൂഷിച്ചിരു ന്നു.

കർമ്മലീത്തധ്യാനാത്മകജീവിതവും ദരിദ്ര രോടുള്ള കരുണാർദ്രശുശ്രൂഷയും ഒന്നിപ്പി ച്ചുകൊണ്ട് ജോവാക്വീനാ ഉപവിയുടെ കർമ്മലീത്താസഹോദരിമാരുടെ സമൂഹം

തുടരും പേജ് 8...

അനുഭവകുറിപ്പ് തുടർച്ച... പേജ് 5

വും. കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിച്ച ധാരാളം അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്.

ജീവിതത്തിൽ പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു സഹോദരനുമായി സംസാരിക്കാറുണ്ടായിരുന്നു. ഒരു ദിവസം വളരെ ദുഖത്തിലായിരുന്ന ആ അക്രൈസ്തവസഹോദരനോട് ക്രിസ്തുവിന്റെ സ്നേഹത്തെപ്പറ്റിയും കരുതലിനെപ്പറ്റിയും എന്റെ ജീവിതത്തിൽ ഞാനത് എങ്ങനെയാണ് അനുഭവിച്ചതെന്നും പറഞ്ഞുകൊടുത്തു. തുടർന്ന് യേശു ചേട്ടനേയും സ്നേഹിക്കുന്നുവെന്ന് പറഞ്ഞപ്പോൾ കൊച്ചുകുട്ടിയെ പോലെ എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞ സംഭവം ഇന്നും മറക്കാനാവാത്തതാണ്.

ജീസസ് യൂത്ത് പ്രോലൈഫ് മിനിസ്ട്രിയിൽ പ്രവർത്തിച്ചകാലത്ത് ഇരുപതോളം കുട്ടികളെ അബോർഷനിൽനിന്നും രക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയായിട്ടുണ്ട്. ആ സമയമുണ്ടായ പല സംഭവങ്ങളും ഇന്നും ഓർമ്മയിൽ തങ്ങിനിൽക്കുന്നു. ഞാൻ തരണം ചെയ്ത പ്രശ്നങ്ങളോടു സമാനമായതുമായി മല്ലിട്ടുകൊണ്ടിരിക്കുന്ന നിരവധി വ്യക്തികളെ കണ്ടുമുട്ടാൻ ഇടയായതും അവരുടെ ജീവിതത്തിൽ വളരെ ഫലവത്തായ രീതിയിൽ ഇടപെടാനും സഹായിക്കാനും സാധിച്ചതും മറ്റൊരു അത്ഭുതമായി ഞാൻ കണക്കാക്കുന്നു. ഈ പ്രവർത്തനങ്ങളിലൂടെ എനിക്ക് വളരെയധികം കാര്യങ്ങൾ പഠിക്കാൻ സാധിച്ചതിനോടൊപ്പം വ്യക്തിജീവിതത്തിലും കുടുംബത്തിലും വളരെയധികം അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുമിടയായി.

മറ്റുള്ളവരേയും ദൈവത്തേയും സ്നേഹിക്കുന്നതിലുള്ള എന്നിലെ പോരായ്മകളെ കണ്ടെത്തി അവയെ പരിഹരിക്കാൻ ശ്രമിക്കാനുള്ള ഒരു ഉത്തേജനം ലഭിക്കാറുണ്ട്. സഹായം അഭ്യർഥിക്കുന്നവരെ സഹായിക്കാൻ മുന്നിട്ടിറങ്ങുമ്പോൾ അതിനായി ചുറ്റുമുള്ളവരിൽ നിന്നും നിർലോഭമായ പിന്തുണയും സഹായവും ലഭിക്കും എന്ന തിരിച്ചറിവാണ് ഞാൻ പഠിച്ച മറ്റൊരു കാര്യം. ജീവിതത്തിലെ ചില നിസ്സഹായതയുടെ അവസരങ്ങളിൽ, അപരിചിതരിൽ നിന്നുപോലും വളരെ അത്ഭുതകരമായ സഹായങ്ങൾ എനിക്കു ലഭിച്ചത് ഈ പ്രവർത്തനങ്ങളുടെ അനുഗ്രഹഫലമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ജോലിയുടെ മേഖലയിലും വിദ്യാഭ്യാസത്തിന്റെ മേഖലയിലും അത്ഭുതകരമായ ഉയർച്ച ഉണ്ടായിക്കൊണ്ടിരിക്കുന്നത് ഈ പ്രവർത്തനങ്ങളുടെ ഫലമായ അനുഗ്രഹങ്ങളിൽ ഒന്നാണ്.

ആവശ്യക്കാരെ സഹായിക്കുമ്പോൾ യേശു വളരെയധികം ആഗ്രഹിക്കുന്ന ഒരു പ്രവൃത്തിയാണ് ഞാൻ ചെയ്യുന്നതെന്ന ബോധ്യത്തിൽനിന്നും ലഭിക്കുന്ന ആനന്ദമാണ് മറ്റൊരനുഗ്രഹമായി ഞാൻ കണക്കാക്കുന്നത്. ദാനമായി ലഭിച്ച അനുഗ്രഹങ്ങളെയും കഴിവുകളെയും ദാനമായി നൽകാൻ നമുക്കുള്ള ഉത്തരവാദിത്വത്തെപ്പറ്റി നമുക്ക് ചിന്തിക്കാം. നമുക്ക് ഓരോരുത്തർക്കും അതിനു കൃപ ലഭിക്കുന്നതിനായി ഈശോ നമ്മെ അനുഗ്രഹിക്കട്ടെ...



**“യേശു ചേട്ടനേയും സ്നേഹിക്കുന്നുവെന്ന് പറഞ്ഞപ്പോൾ കൊച്ചുകുട്ടിയെ പോലെ അദ്ദേഹം എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞ സംഭവം ഇന്നും മറക്കാനാവാത്തതാണ്. ”**

# നിങ്ങളുടെ സംശയവും സഭയുടെ ഉത്തരവും

## 11.എന്തുകൊണ്ടാണ് നാം വിശ്വാസം കൈമാറുന്നത്?

നാം വിശ്വാസം കൈമാറുന്നു. കാരണം, യേശു നമ്മോട് ഇപ്രകാരം കല്പിച്ചു:“ ആകയാൽ നിങ്ങൾപോയി സകലജനതകളേയും ശിഷ്യപ്പെടുത്തുവിൻ” (മത്തായി 28:19) (91)

യഥാർത്ഥ ക്രിസ്ത്യാനിയായ ആരും വിശ്വാസം പകർന്നുനല്കൽ വിദഗ്ധർക്ക് (അദ്ധ്യാപകർ, അജപാലകർ, മിഷണറിമാർ) മാത്രമായി വിട്ടുകൊടുക്കുകയില്ല. നമ്മൾ മറ്റുള്ളവർക്ക് ക്രിസ്തു ആണ്. മറ്റുള്ളവരിലേക്കു ദൈവം വന്നുചേരണമെന്ന് ഓരോ യഥാർത്ഥ ക്രിസ്ത്യാനിയും ആഗ്രഹിക്കുന്നുവെന്നുകൂടി അതിനർത്ഥമുണ്ട്. ആ വ്യക്തി തന്നോടുതന്നെ ഇങ്ങനെ പറയുന്നു:“കർത്താവിന് എന്നെ ആവശ്യമുണ്ട്! എനിക്കു മാമ്മോദീസയും സ്ഥൈര്യലേപനവും നല്കപ്പെട്ടിട്ടുണ്ട്. ദൈവത്തെപ്പറ്റി അറിയാനും ‘സത്യത്തിന്റെ അറിവിലേക്കു വരാനും’ (1 തിമോ. 2:4) ചുറ്റുമുള്ളവരെ സഹായിക്കാൻ എനിക്കു കടമയുണ്ട്”.

മദർതെരേസ നല്ലൊരു ഉപമ ഉപയോഗിക്കുന്നു: “തെരുവുകളിലൂടെ വൈദ്യുത കമ്പികൾ പാകിയിരിക്കുന്നതു നാം കാണുന്നു. അവയിലൂടെ വൈദ്യുതി പ്രവഹിക്കുന്നില്ലെങ്കിൽ പ്രകാശമുണ്ടാവുകയില്ല. ഈ വൈദ്യുതകമ്പി നിങ്ങളും ഞാനുമാണ്! വൈദ്യുതി ദൈവമാണ്. നമ്മിലൂടെ വൈദ്യുതി ഒഴുകാൻ അനുവദിക്കാനും അങ്ങനെ ലോകത്തിനു പ്രകാശം ഉത്പാദിപ്പിക്കാനും നമുക്കു കഴിയും. ലോകത്തിന്റെ ആ പ്രകാശം യേശു ആണ്. അല്ലെങ്കിൽ അപ്രകാരം നാം ഉപയോഗിക്കപ്പെടാൻ സമ്മതിക്കാതിരിക്കാനും അങ്ങനെ അന്ധകാരം വ്യാപിക്കാൻ അനുവദിക്കാനും നമുക്കു കഴിയും” (123)

*വിശുദ്ധരുടെ ജീവിതങ്ങൾ... തുടർച്ച പേജ് ..6*

സ്ഥാപിച്ചു. സഹോദരിമാർക്ക് അവൾ അമ്മയായി വർത്തിച്ചു. ഒരു രാഷ്ട്രീയ യുദ്ധത്തിനിടയിൽ ജോവാക്വീനായെ അറസ്റ്റ് ചെയ്തു. വഴിയിലൂടെ വലിച്ചിഴയ്ക്കുകയും മർദ്ദിക്കുകയും ചെയ്തു. ശത്രുകരങ്ങളിൽ നിന്ന് വിമുക്തയായ ജോവാക്വീനാ സന്ന്യാസ സമൂഹത്തെയും കുടുംബത്തെയും ദൈവതൃക്കരങ്ങളിൽ സമർപ്പിച്ചിട്ട് ഫ്രാൻസിലേയ്ക്ക് ഓടിപ്പോയി. അവൾ തിരിച്ചെത്തിയപ്പോൾ സ്പെയിനിൽ സമാധാനനില വീണ്ടെടുത്തിരുന്നു. സന്ന്യാസസമൂഹത്തിന് പരസ്യവ്രതാനുഷ്ഠാനത്തിന് അനുകൂലമായ സമയമായിരുന്നു ഇത്. സ്പെയിനിലെ ആഭ്യന്തരയുദ്ധത്തിനിടയിൽ അവളുടെ സമൂഹത്തിലെ 25 സന്ന്യാസിനികൾ രക്തസാക്ഷികളായി.

ഭാര്യാഭർത്താക്കൾ ഒന്നിച്ച് അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുന്നത് മനോജ്ഞമായ ഒരു മാതൃകയാണ്. 1854-ൽ കോളറ ബാധിച്ച് എഴുപതാമത്തെ വയസ്സിൽ ജോവാക്വീനാ മരണമടഞ്ഞു. 1959- ൽ അവൾ വിശുദ്ധയായി പ്രഖ്യാപിക്കപ്പെട്ടു.

**ഹൃദ്യസ്ഥമാക്കാൻ ഒരു വചനം**

*“ദൈവവചനം ശ്രവിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എൻെറ അമ്മയും സഹോദരരും...”* (ലൂക്കാ. 8:21)

# " ക്രിസ്തീയജീവിതം അതു വളരെ ലളിതമാണ് "

## ഫ്രാൻസീസ് പാപ്പ.



ദൈവത്തിൽ ശരണമർപ്പിച്ചുകൊണ്ട് അവിടുത്തെ വഴിയെ നീങ്ങുവാനുള്ള ആഹ്വാനമായിരുന്നു, ജൂൺ 26, തിങ്കളാഴ്ച ഫ്രാൻസീസ് പാപ്പാ സാന്താമാർത്തായിലർപ്പിച്ച പ്രഭാതബലിമദ്ധ്യേ നൽകിയ വചനസന്ദേശം. ഉൽപ്പത്തിഗ്രന്ഥത്തിൽ നിന്നുള്ള ആദ്യവായനയെ ആസ്പദമാക്കി പാപ്പാ ഉദ്ബോധിപ്പിച്ചു:

"അബ്രാഹം ക്രിസ്തീയജീവിതശൈലി നമുക്കു കാണിച്ചുതരുന്നു. മൂന്നു മാനങ്ങളാണതിനുള്ളത്: ഇടി തകർക്കൽ, വാഗ്ദാനം, അനുഗ്രഹം. കർത്താവ്, അബ്രാഹത്തോടു പറഞ്ഞു: നിന്റെ രാജ്യത്തെയും പിതൃദേശത്തെയും ഭവനത്തെയും ഉപേക്ഷിക്കുക. ഒരു ക്രിസ്ത്യാനിയാകുന്നതിന് ഈ 'ഉരിയൽ', കുരിശിലെ യേശുവിൽ കാണുന്ന പൂർണ്ണമായ ഉപേക്ഷ ആവശ്യമാണ്. അപ്പസ്തോലന്മാരിലും പ്രവാചകരിലും ഈ ഉപേക്ഷയുടെ തലം യഥാർത്ഥമായിരുന്നു എന്നനുസ്മരിച്ച പാപ്പാ ഏലീഷാപ്രവാചകന്റെ മാതൃക ചൂണ്ടിക്കാട്ടിക്കൊണ്ട് പറഞ്ഞു: ക്രിസ്ത്യാനികൾക്ക് ഉപേക്ഷിക്കാനുള്ള കഴിവ് ആവശ്യമാണ്, അല്ലെങ്കിൽ അവരുടെ ക്രിസ്തീയതയ്ക്ക് ആധികാരികതയില്ല..."

ക്രിസ്ത്യാനികൾക്ക് നക്ഷത്രഫലം നോട്ടമില്ല, ഭാവി ദർശിക്കാൻ മറ്റു കാര്യങ്ങളുമില്ല. എവിടേയ്ക്കാണു പോകുന്നതെന്ന് അവന് അറിയില്ല. എന്നാൽ വാഗ്ദാനമുണ്ട്. ഒരു കൂടിക്കാഴ്ച ലഭിക്കുമെന്നും നമുക്ക് അവകാശമായി ഒരു സ്ഥലമുണ്ട് എന്നുമുള്ള വാഗ്ദാനം. അവ നമുക്കു ലഭിക്കും. അബ്രാഹം വാഗ്ദാനദേശത്ത് വീടു പണിയുകയായിരുന്നില്ല മറിച്ച്, കൂടാരമടിക്കുകയായിരുന്നു. അത് അബ്രാഹം വഴിയാത്രയിലാണെന്നും ദൈവത്തിൽ മാത്രം ശരണം വച്ചിരിക്കുന്നുവെന്നുമാണ് വെളിവാക്കുന്നത്... ഈ വഴി ദൈവത്തിന്റെ വിസ്മയനീയമായ പ്രവൃത്തികളിലേക്കു തുറക്കുന്ന വഴിയാണ്. നല്ലതല്ലാത്ത സമയങ്ങളെന്നു നാം വിചാരിക്കുന്ന, രോഗത്തിന്റെ, മരണത്തിന്റെ വഴികളെല്ലാം ദൈവത്തിന്റെ വിസ്മയങ്ങളിലേക്കു തുറവിയുള്ളവയാണ്. എല്ലാമുപേക്ഷിച്ച്, അവിടുത്തെ വാഗ്ദാനത്തിൽ ആശ്രയിച്ച്, കുറ്റമറ്റവരായി ചരിക്കുകയെന്നുള്ള ആഹ്വാനം നൽകിയ പാപ്പാ അവസാനമായി കൂട്ടിച്ചേർത്തു: "ക്രിസ്തീയജീവിതം അത്ര ലളിതമാണ്".

## പ്രാർത്ഥനാ സഹായം

തൂലിക വെബ് സൈറ്റിലൂടെയും പ്രാർത്ഥനാസഹായം തേടാം നിങ്ങൾ ചെയേണ്ടത് ഇത്ര മാത്രം. www.thoolikaa.net സന്ദർശിക്കുക. ഇതിൽ കാണുന്നതുപോലുള്ള പ്രാർത്ഥനാസഹായ ഫോം പൂരിപ്പിക്കുക. ജീസസ് യൂത്ത് മിനിസ്ട്രികളുടെ പ്രാർത്ഥനകളോടൊപ്പം നിങ്ങളുടെ വിലയേറിയ നിയോഗങ്ങൾ കൂട്ടായ്മയിൽ സമർപ്പിക്കുന്നതാണ്.




## 500ന്റെ നിറവിൽ തൂലിക

ദുബായ് ജീസസ് യൂത്തിന്റെ വാരാന്ത്യ പതിപ്പായ തൂലികയുടെ 500-ാമത് എഡിഷൻ ജീസസ് യൂത്ത് മീഡിയാ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 21-07-2017ൽ നടന്ന ഫ്രൈഡേ ഗ്രൂപ്പിൽ വച്ച്, ജീസസ് യൂത്ത് യു.എ.ഇ നാഷണൽ കോ-ഓർഡിനേറ്റർ ശ്രീ. രഞ്ജിത്ത് ജോസഫ് പ്രകാശനം ചെയ്തു. തൂലികയുടെ 13വർഷത്തെ വളർച്ചയ്ക്ക് ചുക്കാൻ പിടിച്ച് എല്ലാവരേയും അദ്ദേഹം പ്രത്യേകം അനുമോദിച്ചു. തുടർന്ന് ദുബായ് ജീസസ് യൂത്ത് ഓഡിയോ വിഷ്വൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ തൂലികയുടെ നാൾവഴികളെ പരിചയപ്പെടുത്തുന്ന മൂകാഭിനയവും അരങ്ങേറി.

## കഴിവുകളെ കർത്താവിനു വേണ്ടി ഉപയോഗിക്കാം...

നിങ്ങൾക്ക് ദൈവം തന്നിരിക്കുന്ന കഴിവുകളെ സുവിശേഷപ്രഘോഷണത്തിനായ് ഉപയോഗിക്കാമോ ? മലയാളം ടൈപ്പിങ്ങ് അറിയാവുന്നവരും ഗ്രാഫിക് ഡിസൈനേഴ്സും വരിക. ജീസസ് യൂത്ത് മീഡിയാ മിനിസട്രിയോടുചേർന്ന് നമുക്ക് പ്രവർത്തിക്കാം..

Contact : 056 789 3331, 055 741 2253

## കൃതികൾ ക്ഷണിക്കുന്നു

ക്രൈസ്തവമൂല്യങ്ങൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ, കഥകൾ, കവിതകൾ, നുറുങ്ങു ചിന്തകൾ, കാർട്ടൂണുകൾ എന്നിവ തൂലികയിലേക്ക് info@thoolikaa.net എന്ന ഈ-മെയിലിലൂടെ അയച്ചു തരുമല്ലോ?

## മലയാളം കുമ്പസാരം

തൂലിക വെബ് സൈറ്റിലൂടെയും ഇപ്പോൾ മലയാളത്തിലുള്ള കുമ്പസാരത്തിന്റെ സമയം അറിയാം; സന്ദർശിക്കുക www.thoolikaa.net

**ഇ-മെയിൽ**

ജീസസ്സ് യൂത്ത് ഗ്രൂപ്പിൽ നിന്നുമുള്ള അറിയിപ്പുകളും ജോലി സംബന്ധമായ ഒഴിവുകളെക്കുറിച്ചും അറിയുന്നതിന് നിങ്ങളുടെ ഇമെയിൽ അഡ്രസ്സ്: info@thoolikaa.net എന്നതിലേക്ക് അയക്കുക.

English Mass Timings
**St. Mary's Church, Dubai**

**Friday:** 6:00 am, 7:15 am, 9:00 am, 10:15 am (Children's) 3:30 pm (children's catechism), 4:45 pm, 6:15 pm

**Saturday:** 6:00 am, 6:45 am, 9:00 am,12 noon, 5:00 pm, 7:30 pm (Sunday obligation)

**Sunday:** 6:00 am, 6:45 am, 9:00 am, 12 noon, 4:30 pm, 6:00 pm & 7:30 pm

**Weekdays (Mon-Thu):** 6:00 am, 6:45 am, 12 noon & 7:00 pm

## ദിവ്യബലി സമയം - മലയാളം

സെന്റ് മേരീസ് ദേവാലയം - ദുബായ്

എല്ലാ വെള്ളിയാഴ്ചയും ഉച്ചയ്ക്കു ശേഷം 2 മണിക്ക്

ഒന്നും മൂന്നും വ്യാഴാഴ്ചകളിൽ വൈകുന്നേരം 8 മണിക്ക്

നാലാമത്തെ ബുധനാഴ്ച വൈകുന്നേരം 8 മണിക്ക്

മലങ്കര റീത്തിൽ: എല്ലാ വെള്ളിയാഴ്ചയും രാത്രി 7:30 ന് ( മിനി ഹാൾ)

## കരിസ്മാറ്റിക് പ്രാർത്ഥനാ സമയം

- **ഉപവാസ പ്രാർത്ഥന** - ആദ്യ വെള്ളിയാഴ്ച (രാവിലെ 10:30 മുതൽ 1:30 വരെ), ക്രിസ്റ്റീൻ (രാവിലെ 10:30 മുതൽ 1:30 വരെ)
- **എല്ലാ തിങ്കളാഴ്ചയും** - വൈകുന്നേരം 7:30 മുതൽ 9:00 വരെ
- **മധ്യസ്ഥപ്രാർത്ഥന** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) രാവിലെ 8:30 മുതൽ 11:00 വരെ (റൂം നമ്പർ 4-ൽ)

## ജീസസ് യൂത്ത് - ഫാമിലി

**J.Y.** ഹോം. റാഷിദിയ

സെബാസ്റ്റ്യൻ ജോൺ & ലിജിയ ജോസ്

050 3986934

## ജീസസ് യൂത്ത് - ദുബായ്

- **എല്ലാ വെള്ളിയാഴ്ചയും** (ആദ്യ വെള്ളി ഒഴികെ) - രണ്ടുമണിയുടെ ദിവ്യബലിക്കു ശേഷം (റൂം നമ്പർ 6-ൽ).
- **മധ്യസ്ഥപ്രാർത്ഥന:**
എല്ലാ ചൊവ്വാഴ്ചയും വൈകുന്നേരം 8:30 മുതൽ 9:30 വരെ (റൂം നമ്പർ 4-ൽ).
- **നൈറ്റ് വിജിൽ** - മാസത്തിന്റെ ആദ്യ വ്യാഴാഴ്ചകളിൽ.
- **JY ഫാമിലി** - മാസത്തിന്റെ മൂന്നാമത്തെ വെള്ളിയാഴ്ചകളിൽ വൈകുന്നേരം 5:00 മുതൽ ജെ. വൈ. ഹോമിൽ വെച്ച്.
- **JY ടീൻസ്** - എല്ലാ വെള്ളിയാഴ്ചയും (ആദ്യ വെള്ളി ഒഴികെ) ഉച്ചക്ക് 12 മുതൽ 2 വരെ റൂം നമ്പർ 4 ൽ വെച്ച്.
- JY English: 7:00 മുതൽ 9:00 (Saturdays)




## തൂലിക 500-ാമത് എഡിഷൻ പ്രകാശനം

തൂലിക 500-ാമത് എഡിഷൻ യു.എ.ഇ ജീസസ് യൂത്ത് നാഷണൽ കോ-ഓർഡിനേറ്റർ ശ്രീ. രഞ്ജിത്ത് ജോസഫ് ദുബായ് ജീസസ് യൂത്ത് ലിറ്ററേച്ചർ ആന്റ് മീഡിയാ മിനിസ്ട്രി കോ-ഓർഡിനേറ്റർ ശ്രീ. ജോബി ജോസഫിന് നൽകി പ്രകാശനം ചെയ്യുന്നു. ദുബായ് ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ ശ്രീ. ജോർജ്ജ് മാത്യു സമീപം.

# നന്ദി

## പരമകാരുണ്യവാനായ
## കർത്താവിന്....

ആത്മനിറവിന്റെ നവയുഗത്തിന്
അടിത്തറയൊരുക്കിയവർക്ക്..
പ്രാർത്ഥനയുടെ കരങ്ങളാൽ
ചേർത്തുനിർത്തിയവർക്ക്...
പ്രോത്സാഹനങ്ങളാൽ കൂടെ നിന്നവർക്ക്...
അക്ഷരപ്പൊട്ടുകളിൽ തിരുവചനം
ചാലിച്ചെഴുതിയവർക്ക്...
നിറക്കൂട്ടുകൾ വാരിവിതറിയവർക്ക്...
ദൃശ്യവിസ്മയം തീർത്തവർക്ക്...
ആഘോഷങ്ങളുടെ 500ലേക്ക്
അഹോരാത്രം അധ്വാനിച്ചവർക്ക്...




FOR PRIVATE CIRCULATION (WITHIN THE CHURCH COMPOUND) ONLY

Jesus Youth
DUBAI

**Thoolikaa** - Weekly Newsletter of Jesus Youth, Dubai
**Published By** : Joby Joseph for Literature & Media Ministry of Jesus Youth, Dubai.
**Patron** : Rev.Fr.Alex Vachaparambil OFM Cap. **Animator** : Sebastian Dcruz
**Editor** : Jobin Augustine **Cover** : Rinto Varghese
**E-mail** : info@thoolikaa.net **Web** : http://thoolikaa.net